**കേരള സർക്കാർ**

**സംഗ്രഹം**

**ധനകാര്യ വകുപ്പ് - നിയോജക മണ്ഡല ആസ്തി വികസന പദ്ധതി - എയ്ഡഡ് സ്കൂളുകളിൽ ടോയ് ലെറ്റ്, പാചകപ്പുര എന്നിവ നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്**

**സ.ഉ.(അ)നം. 63/2017/ധന.** **തിരുവനന്തപുരം, തീയതി : 12.05.2017**

---

**പരാമർശം : സ.ഉ.(പി) നം. 332/2012/ധന തീയതി : 11.06.2012.**

**ഉത്തരവ്**

2012-13-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം ഓരോ എം.എൽ.എ.യ്ക്കും അവരുടെ നിയോജക മണ്ഡലത്തിൽ ഒരു സാമ്പത്തിക വർഷം 5 കോടി രൂപയുടെ ആസ്തി വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി നിയോജകമണ്ഡല ആസ്തി വികസന പദ്ധതി രൂപീകരിക്കുയുണ്ടായി. സൂചനയിലെ ഉത്തരവ് പ്രകാരം ആയതിന്റെ വിനിയോഗം സംബന്ധിച്ച മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുകയുമുണ്ടായി. ഇപ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖകളിൽ എയ്ഡഡ് സ്കൂളുകൾക്ക് ആസ്തി വികസന പദ്ധതി വിനിയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനോ മറ്റ് ആവശ്യങ്ങൾക്കായി ഫണ്ട് വിനിയോഗിക്കുന്നതിനോ അനുമതി ഇല്ല. എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ആസ്തി വികസന ഫണ്ട് എയ്ഡഡ് സ്കൂളുകളിലും ഉപയോഗിക്കുവാൻ ഉതകും വിധം ആവശ്യമായ ഭേദഗതി വരുത്തണമെന്ന് നിയമസഭാ സാമാജികർ നിരന്തരമായി ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. എയ്ഡഡ് സ്കൂളുകളിലെ കുട്ടികളുടെ പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ടോയ് ലെറ്റുകൾ നിർമ്മിക്കുന്നതിനും വിദ്യാർത്ഥികൾക്കുള്ള ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിനുമായി വൃത്തിയുള്ള പാചകപ്പുര നിർമ്മിക്കുന്നതിനും 10 ലക്ഷം രൂപയിൽ അധികരിക്കാത്ത തുകയ്ക്കുള്ള ധനസഹായം നിയോജകമണ്ഡല ആസ്തി വികസന നിധിയിൽ നിന്നും വിനിയോഗിക്കുന്നതിന് സൂചന ഉത്തരവിലെ മാർഗ്ഗരേഖയിൽ ഇളവ് വരുത്തി അനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**കെ.എസ്. ഉഷ**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

1. എല്ലാ നിയമസഭാ സാമാജികർക്കും
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം,
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം,
4. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
5. എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
6. എല്ലാ വകുപ്പ് തലവൻമാർക്കും
7. എല്ലാ ജില്ലാ കളക്ടർമാർക്കും
8. ട്രഷറി ഡയറക്ടർ
9. എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും
10. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
11. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
12. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
13. വിദ്യാഭ്യാസമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
14. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറി
15. നോഡൽ ഓഫീസർ, www.finance.kerala.gov.in
16. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

Sreelatha

**സെക്ഷൻ ഓഫീസർ**